©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2024 മേയ് 09<br>09th May 2024<br>1199 മേടം 26<br>26th Medam 1199<br>1946 വൈശാഖം 19<br>19th Vaisakha 1946 | നമ്പർ<br>No. 1483 |

## കേരള സർക്കാർ

പൊതുഭരണ (അതീവ രഹസ്യ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 01/എസ്.സി3/2024.പൊ.ഭ.വ

തീയതി 08.05.2024

തിരുവനന്തപുരം

വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിക്കുന്നതിനായി 21.10.2021 തീയതിയിലെ സ.ഉ.(പി) 27/2021/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം "കേരളപുരസ്കാരങ്ങൾ" എന്ന പേരിൽ പരമോന്നത പുരസ്കാരങ്ങൾ ഏർപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 22.07.2022-ലെ സ.ഉ.(പി) 17/2022/പൊ.ഭ.വ., 01.06.2023-ലെ സ.ഉ.(പി).7/2023/പൊ.ഭ.വ. എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കേരളപുരസ്കാരങ്ങൾ "കേരള ജ്യോതി", "കേരള പ്രഭ", "കേരള ശ്രീ" എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് നൽകുന്നത്.

2. വിവിധ മേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് ഒന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ കേരള ജ്യോതി വർഷത്തിൽ ഒരാൾക്കും, രണ്ടാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ കേരള പ്രഭ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുരസ്കാരമായ കേരള ശ്രീ വർഷത്തിൽ അഞ്ചുപേർക്കും വർഷത്തിൽ രണ്ടുപേർക്കും, മൂന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരങ്ങളുടെ എന്ന ക്രമത്തിലാണ് നൽകിവരുന്നത്. ഏതെങ്കിലും വിഭാഗത്തിൽ എണ്ണം കുട്ടണമെങ്കിൽതന്നെയും ആകെ പുരസ്കാരങ്ങൾ എണ്ണം ഒരു വർഷത്തിൽ പത്തിൽ അധികരിക്കുന്നതല്ല. കേരളപ്പിറവി ദിനമായ നവംബർ ഒന്നിനാണ് പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നത്.

3. **പുരസ്കാരങ്ങൾക്കായുള്ള നാമനിർദ്ദേശങ്ങൾ ഓൺലൈനായി https://keralapuraskaram.kerala.gov.in/ എന്ന വെബ്സൈറ്റ് മുഖേനയാണ് സമർപ്പിക്കേണ്ടത്. ഓൺലൈൻ മുഖേനയല്ലാതെ നേരിട്ട് ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ യാതൊരുകാരണവശാലും പരിഗണിക്കുകയില്ല.**

4. 'വർണ്ണം, വർഗ്ഗം, ലിംഗം, ജാതി, തൊഴിൽ, പദവി ഭേദമന്യേ കല, സാമൂഹ്യസേവനം, പൊതുകാര്യം, സയൻസ്&എഞ്ചിനീയറിംഗ്, വ്യവസായ-വാണിജ്യം, സാഹിത്യം, വിദ്യാഭ്യാസം, ആരോഗ്യം, സിവിൽ സർവ്വീസ്, കായികം, കൃഷി, മറ്റ് മേഖലകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരെയാണ് കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നത്. കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നവർക്ക് പ്രത്യേക അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടില്ല. എന്നാൽ അവരവരുടെ മേഖലകളിൽ ആജീവനാന്ത സംഭാവനകൾ കണക്കിലെടുത്താകണം പുരസ്കാരത്തിനുള്ള നാമനിർദ്ദേശം സമർപ്പിക്കേണ്ടത്. നാമനിർദ്ദേശം ചെയ്യുമ്പോൾ അവരവരുടെ മേഖലകളിൽ അസാധാരണമായ നേട്ടങ്ങൾ കരസ്ഥമാക്കിയവരെയും സമൂഹത്തിന് വിശിഷ്ടമായ സേവനം ചെയ്ത വ്യക്തികളെയും തെരഞ്ഞെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഒരു വ്യക്തിയെ ശിപാർശ ചെയ്യുമ്പോൾ, ആ വ്യക്തിയെ സംബന്ധിച്ച് ആവശ്യമായ എല്ലാ വിശദാംശങ്ങളും ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ശിപാർശ ചെയ്യുന്ന വ്യക്തി/സംഘടന ഉറപ്പാക്കേണ്ടതാണ്.

കൂടാതെ, നാമനിർദ്ദേശം നടത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതാണ്.

i. ***കേരള പുരസ്കാരങ്ങൾക്കായി വ്യക്തികൾക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാൻ കഴിയുകയില്ല, എന്നാൽ ആർക്കും മറ്റുള്ളവരെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.***

ii. നാമനിർദ്ദേശം ചെയ്യുന്നയാൾ/സംഘടന കേരള പുരസ്കാരങ്ങളുടെ ഓരോ വിഭാഗത്തിൽ നിന്നും ഒന്നുവീതം (കേരള ജ്യോതി -1, കേരള പ്രഭ -1, കേരള ശ്രീ -1) എന്ന ക്രമത്തിൽ പരമാവധി മൂന്ന് നാമനിർദ്ദേശങ്ങൾ മാത്രമെ ചെയ്യുവാൻ പാടുള്ളു.

iii. കേരള പുരസ്കാരങ്ങൾ മരണാനന്തര ബഹുമതിയായി നൽകുന്നതല്ല.

iv. ഡോക്ടർമാർ, ശാസ്ത്രജ്ഞർ എന്നിവർ ഒഴികെ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർ അവാർഡിന് അർഹരല്ല. സർക്കാർ ഉദ്യോഗസ്ഥരെ ജോലിയിൽ നിന്നും വിരമിച്ചശേഷം മാത്രം പുരസ്കാരങ്ങൾക്കായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

v. "പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി, നാമനിർദ്ദേശത്തിനായി വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ല" എന്ന ഒരു സാക്ഷ്യപത്രം നാമനിർദ്ദേശം ചെയ്യുന്നയാൾ/സംഘടന നൽകേണ്ടതാണ്.

vi. പത്മ പുരസ്കാരങ്ങൾ(പത്മ വിഭൂഷൺ/ പത്മ ഭൂഷൺ/ പത്മ ശ്രീ) നേടിയിട്ടുള്ളവരെ കേരളപുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല.

vii. സംസ്ഥാനത്ത് പത്ത് വർഷമെങ്കിലും താമസിച്ചവരുന്ന/താമസിച്ചിരുന്ന ഭാരത പൗരന്മാരെയാണ് പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നത്.

5. പുരസ്കാരങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നാമനിർദ്ദേശം ഓൺലൈനായി സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളും **https://keralapuraskaram.kerala.gov.in/** എന്ന വെബ്സൈറ്റിലെ '**വിജ്ഞാപനം**' എന്ന ലിങ്കിൽ ലഭ്യമാണ്.

6. 2024-ലെ കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കേണ്ട കേരള പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ ***ഓൺലൈനായി 2024 മെയ് 8 മുതൽ സമർപ്പിക്കാവുന്നതാണ്.*** നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള ***അവസാന തീയതി 2024 ജൂലൈ 31 ആണ്.*** 2024 ജൂലൈ 31 വരെ **ഓൺലൈനായി ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ** മാത്രമെ 2024-ലെ കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുകയുള്ളൂ. നാമനിർദ്ദേശവുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് 0471-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2518531, 0471-2518223 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. വെബ്സൈറ്റുമായി ബന്ധപ്പെട്ട സാങ്കേതിക സഹായത്തിന് കേരള സംസ്ഥാന ഐ.ടി.മിഷന്റെ 0471-2525444 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

ഡോ. വേണു.വി
ചീഫ് സെക്രട്ടറി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.05.09 02:03:20 +05